**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1094** **11-02-2025 - ൽ മറുപടിയ്ക്ക്**

**ഒയാസിസ് കൊമേഴ്സ്യൽ മദ്യകമ്പനിക്ക് ജലവിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ എലപ്പുള്ളിയിൽ ഒയാസിസ് കൊമേഴ്സ്യൽ എന്ന മദ്യ കമ്പനിക്ക് ജലം വിതരണം ചെയ്യുന്നത് സംബന്ധിച്ച് വ്യവസായ വകുപ്പിന് തീരുമാനമെടുക്കാം എന്ന് ജല അതോറിറ്റി റിപ്പോർട്ട് ചെയ്യുകയുണ്ടായോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരം ഒരു റിപ്പോർട്ട് നൽകിയതെന്ന് അറിയിക്കുമോ; | (എ) | കിൻഫ്രയ്ക്ക് വേണ്ടി നിർമ്മാണം പുരോഗമിച്ചു വരുന്ന വ്യാവസായിക ജല വിതരണ പദ്ധതിയിലൂടെ M/s.ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനി എന്ന കമ്പനിക്ക് എഥനോൾ ഉത്പാദിപ്പിച്ച് നൽകുന്നതിനാവശ്യമായി ക്ഷണിക്കുന്ന ദർഘാസിന്റെ ഭാഗമായ Expression of interest ൽ പങ്കെടുക്കുന്നതിനായി ജല ലഭ്യത സംബന്ധിച്ച consent ആവശ്യപ്പെട്ടതിൽ KINFRA യുടെ വേണ്ടിയുള്ള ജലവിതരണ പദ്ധതിയിൽ നിന്നും ജലം ലഭ്യമാക്കാവുന്ന സാധ്യത തേടാവുന്നതാണ് എന്നുള്ള കത്താണ് പാലക്കാട് സൂപ്രണ്ടിങ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും നൽകിയിരുന്നത്. പ്രസ്തുത പദ്ധതി കിൻഫ്രക്ക് വേണ്ടിയുള്ള പദ്ധതി ആയതിനാൽ ഇതിന്മേലുള്ള അന്തിമ തീരുമാനം കിൻഫ്ര / വ്യവസായ വകുപ്പാണ് കൈകൊള്ളേണ്ടത്. |
| (ബി) | ജലം വിതരണം ചെയ്യണമെന്ന് ആവശ്യപ്പെട്ട് കമ്പനി വകുപ്പിന് അപേക്ഷ നൽകിയത് എന്നാണ്; പ്രസ്തുത അപേക്ഷയിന്മേൽ മറുപടി നൽകിയതെന്നാണ്; മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | M/s.ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി അപേക്ഷ നൽകിയതും അപേക്ഷയിന്മേൽ പാലക്കാട് സൂപ്രണ്ടിങ് എൻജിനീയറുടെ ഓഫീസ് മറുപടി നൽകിയതും 16/06/23 നാണ്. മറുപടിയുടെ പകർപ്പ് **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | കമ്പനി ഡിസ്റ്റിലറി, ബ്രൂവെറി, വൈനറി യൂണിറ്റുകൾക്കായാണ് ജലം ആവശ്യപ്പെടുന്നതെന്ന വിവരം അപേക്ഷയിൽ പരാമർശിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ എത്ര ലിറ്റർ വെള്ളം വേണമെന്നാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്; വിശദീകരിക്കാമോ? | (സി) | M/s.ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനി എലപ്പുള്ളി പഞ്ചായത്തിൽ എഥനോൾ ഉത്പാദിപ്പിച്ച് നൽകുന്നതിനാവശ്യമായി ക്ഷണിക്കുന്ന ദർഘാസിന്റെ ഭാഗമായ Expression of interest ൽ പങ്കെടുക്കുന്നതിനായി ജല ലഭ്യത സംബന്ധിച്ചാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്. കമ്പനി ഡിസ്റ്റിലറി, ബ്രൂവെറി, വൈനറി യൂണിറ്റുകൾ തുടങ്ങുന്നതിനെക്കുറിച്ച് യാതൊരു പരാമർശവും ഉൾപ്പെടുത്തിയിരുന്നില്ല. |

സെക്ഷൻ ഓഫീസർ

# KERALA WATER AUTHORITY

*Office of the Superintending Engineer,*
*P.H. Circle, Kalmandapam, Palakkad.*

No. *KWA/PHC/PKD/8365/01/Vol.II/KINFRA* **Date : 16.06.2023**

From

Superintending Engineer

To

M/s. Oasis Commercial Pvt. Ltd
Vengodi Post, Elappully-2 Village
Elappully Panchayath,
Palakakd - 678622

Sir,

Sub :- Water consent from Kerala Water Authority for setting up of a "State of the Art" 500KLPD Multi Feed Ethanol Manufacturing Unit at Elappully Panahcayath, Post Vengodi, Elappully 2 Village, Palakakd Taluk, Palakkad - 678622 - reg:-

Ref:-
1. Invitation of Oil Companies of signing Expression of Interest (EOI) Agreement with upcoming Ethanol Plants in the state of Kerala for supply of Denatured Anhydrous Ethanol to Oil Marketing Companies (OMCs).
2. Letter No. Nil dated 16.06.2023 from your office.

Kerala Water Authority has been asked to give water consent of sufficient quantity for your upcoming project in Elappully for tender participation with Oil companies for signing Expression of Interest vide reference cited. I would like to inform you that water can be spared to the upcoming Project from the KINFRA Water supply scheme implemented by KWA.

Yours faithfully,

Superintending Engineer (I/C)

DESPATCHED
Date: 16/03/2023